**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 403** **08-06-2021 - ൽ മറുപടിയ്ക്ക്**

**കണ്ണമ്പ്ര വ്യവസായ പാർക്ക് ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | **Shri. P. Rajeeve**<br>**(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി)** | |
| (എ) | കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴിയിലെ പാലക്കാട് ജില്ലയിലെ തരൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന കണ്ണമ്പ്ര വ്യവസായ പാർക്ക് ഭൂമി ഏറ്റെടുക്കൽ നടപടിയുടെ പുരോഗതി അറിയിക്കാമോ; | (എ) | കൊച്ചി-ബാംഗ്ളൂർ വ്യവസായ ഇടനാഴിയുടെ ഒരു നോഡായി വികസിപ്പിക്കാനുദ്ദേശിക്കുന്ന പാലക്കാട് നോഡിൽ കണ്ണമ്പ്രയിൽ ഏറ്റെടുക്കുന്ന ഭൂമിയുടെ 19(1) Draft Declaration പ്രസിദ്ധീകരിച്ചിട്ടുണ്ട്. Detailed Valuation Statement തയ്യാറാക്കിയിട്ടുണ്ട്. ജില്ലാതല വില നിർണ്ണയ സമതി യുടെ യോഗം 24.02.2021 ൽ ചേരുകയും അനുമതിക്കായി സംസ്ഥാനതല സമിതിയുടെ പരിഗണനക്കായി സമർപ്പിച്ചിട്ടുള്ളതുമാണ് ഡിസംബർ 2021 ഓടുകൂടി ഭൂമി ഏറ്റെടുക്കുവാൻ വേണ്ട നടപടികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത വ്യവസായ പാർക്കിൽ ഏതൊക്കെ വിഭാഗത്തിൽപ്പെടുന്ന വ്യവസായ സംരംഭങ്ങളാണ് ആരംഭിക്കുവാൻ പോകുന്നതെന്ന് അറിയിക്കുമോ; | (ബി) | പ്രസ്തുത പാർക്കിൽ ഭക്ഷ്യസംസ്കരണം, മെഡിക്കൽ ഡിവൈസുകൾ, പി,വി.സി. പൈപ്പുകൾ, മെഷീനറി ഉൽപാദനം, പാക്കേജിംഗ്, ലോജിസ്റ്റിക്സ് ഉൾപ്പെടെയുള്ള എല്ലാ പരിസ്ഥിതി സൗഹൃദ വ്യവസായ ഉൽപ്പന്നങ്ങൾക്കും നിക്ഷേപ സാധ്യതയുണ്ട്. |
| (സി) | പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ പ്രത്യക്ഷമായും പരോക്ഷമായും എത്ര പേർക്ക് തൊഴിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കാമോ? | (സി) | കൊച്ചി-ബാംഗ്ളൂർ വ്യവസായ ഇടനാഴിയുടെ ഒരു നോഡായി വികസിപ്പിക്കാനുദ്ദേശിക്കുന്ന പാലക്കാട് നോഡിൽ ഉൾപ്പെടുന്ന കണ്ണമ്പ്ര, ഒഴലപ്പതി, പുതുശ്ശേരി-I, പുതുശ്ശേരി-II, കൊച്ചിയിലെ GIFT City എന്നിവയിൽ ആകെ 10,000 കോടി രൂപയുടെ നിക്ഷേപവും, പ്രത്യക്ഷത്തിൽ 20,000 പേർക്കും പരോക്ഷമായി 80,000 പേർക്കും തൊഴിലവസരങ്ങൾ ലഭിക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്. |

സെക്ഷൻ ഓഫീസർ